അടിയന്തിരം

ICPS-3/016353/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി:

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ - 1.8.2016 മുതൽ 31.3.2017 വരെയുള്ള കാലയളവിൽ നടത്താനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികളും പദ്ധതികളും - പ്രൊപ്പോസലുകൾ - സംബന്ധിച്ച്.

സൂചന:- 9.5.2016 ൽ കൂടിയ 15-ാമത് എസ്.സി.പി.എസ്. എക്സി. കമ്മറ്റി യോഗത്തിന്റെ തീരുമാനം.

എസ്.സി.പി.എസിന്റെ കീഴിലുള്ള ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ 1.8.2016 മുതൽ 31.3.2017 വരെയുള്ള കാലയളവിൽ നടത്താനുദ്ദേശിക്കുന്ന വിവിധ പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി 27.07.2016 ന് കൂടുന്ന യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് 9.5.2016 ൽ കൂടിയ എക്സി. കമ്മിറ്റി ആവശ്യപ്പെടുകയുണ്ടായി. പദ്ധതികളും പരിപാടികളും മുൻകൂട്ടി തയ്യാറാക്കി ആവശ്യമായ അനുമതി ലഭ്യമാക്കി നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ ഫലപ്രദമായ രീതിയിൽ നടപ്പാക്കുകയാണ് ഉദ്ദേശ്യം.

ഐ.സി.പി.എസ്. ഗൈഡ് ലൈനിൽ ഡി.സി.പി.യുകളുടെ സാമ്പത്തിക കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടികയിൽ പറയുന്ന അഡ്വക്കസി ആന്റ് അവയർനസ്, സെൻസിറ്റൈസേഷൻ ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നിവ ഐ.സി.പി.എസ്. ഫണ്ട് ഉപയോഗിച്ച് സംഘടിപ്പിക്കാം. ഇതുകൂടാതെ ഐ.സി.പി.എസുമായി ബന്ധപ്പെട്ട് നൂതനമായ പരിപാടികളും പദ്ധതികളും നടപ്പിലാക്കാവുന്നതാണ്. ഇപ്രകാരം നൂതനമായ പരിപാടികൾക്കുള്ള ചെലവുകൾ ഐ.സി.പി.എസിന്റെ സംസ്ഥാന വിഹിതത്തിൽ നിന്നും വഹിക്കാം. അപ്രകാരം ഐ.സി.പി.എസിന്റെ കേന്ദ്ര വിഹിതമുപയോഗിച്ചും സംസ്ഥാന വിഹിതമുപയോഗിച്ചും വിവിധ പദ്ധതികളും പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. ഇതിനുള്ള പ്രൊപ്പോസലുകളാണ് തയ്യാറാക്കേണ്ടത്.

തയ്യാറാക്കപ്പെടുന്ന പ്രൊപ്പോസലുകൾ സംക്ഷിപ്തവും കാര്യമാത്ര പ്രസക്തവും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കണം. തയ്യാറാക്കപ്പെടുന്ന പ്രൊപ്പോസലുകളിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ ഇവയാണ്.

1. പദ്ധതിയുടെ/പരിപാടിയുടെ പേര്
2. ആമുഖം

3. പദ്ധതിയുടെ/പരിപാടിയുടെ ഉദ്ദേശ്യം.

4. കാലയളവ്.

5. ഗുണഭോക്താക്കൾ

6. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.

7. പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്ന രീതി

8. പദ്ധതി/പരിപാടി കൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ.

9. ഒ്യക്തവും വിശദവുമായ സാമ്പത്തിക വിശകലനം

10. ഫണ്ടിന്റെ ലഭ്യത

11. ഡി.സി.പി.ഒ.യുടെ വ്യക്തമായ ശുപാർശ.

മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രൊപ്പോസലുകൾ എ4 സൈസിലുള്ള പേപ്പറിൽ തയ്യാറാക്കി 20.7.2016 ന് മുമ്പായി ഈ ഓഫീസിൽ ഇ.മെയിൽ/തപാൽ മുഖാന്തരം അയച്ചു തരേണ്ടതാണ്. ഒരു പ്രൊപ്പോസൽ രണ്ട് പേജിൽ കവിയരുത്. അങ്ങനെ ഓരോ ഡി.സി.പി.യു.വിനെ സംബന്ധിക്കുന്ന വിവിധ പ്രൊപ്പോസലുകൾ ഒരുമിച്ച് അയച്ചു തരണം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്ര പ്രൊപ്പോസലുകൾ വേണമെങ്കിലും അയച്ചുതരാവുന്നതാണ്. പദ്ധതികളും പരിപാടികളും ഐ.സി.പി.എസുമായി ബന്ധപ്പെട്ടതായിരിക്കണം എന്നുമാത്രം. സാധനങ്ങൾ/ സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളോടൊപ്പം പ്രൊഫോർമ ഇൻവോയിസുകൂടി അയച്ചു തരണം.

പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നിർബന്ധമായും പാലിക്കണം. ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ഈ ഓഫീസുമായി ടെലിഫോണിൽ ബന്ധപ്പെടാവുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർ(ഇൻചാർജ്)

എല്ലാ ഡി.സി.പി.ഒ. മാർക്കും.

പകർപ്പ് :

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
2. ഐ.സി.പി.എസ്. 4/സ്റ്റോക്ക് ഫയൽ.